**CHANDRIKA**

**Kerala Tourism wins advertisement award in Prague**

Date: **30-04-2012** | Edition: **All Kerala** | Page No: **10** | Clip size (cm) - W: **12** H: **8**

# കേരള ടൂറിസത്തിന് പ്രേഗ് അവാർഡ്

■ **സ്വന്തം ലേഖകൻ**
തിരുവനന്തപുരം

ആഗോള ബ്രാന്റുകൾ മാറ്റുരക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷണൽ അഡ്വർട്ടൈസിംഗ് ഫെസ്റ്റിവലിൽ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിലെ അവാർഡ് കേരളാ ടൂറിസത്തിന്. യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ് എന്ന കേരളാ ടൂറിസം പ്രചാരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് 2012ൽ വെങ്കല മെഡൽ ലഭിച്ചത്. മറ്റ് വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ് വാഗൺ, യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവക്കാണ് ലഭിച്ചത്.

യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗിന് ഫിലിം വിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്ന് സ്വർണമെഡൽ അടക്കം ഒരു ഡസനിലേറെ പുരസ്കാരങ്ങൾ ലഭിച്ചതിന് പിന്നാലെയാണ് ഈ അംഗീകാരം. ലണ്ടനിലെ പ്രശസ്തമായ സാച്ചി ഗാലറിയിൽ നടന്ന ചടങ്ങിലാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗിന് തുടക്കമിട്ടത്. ചെൽസ ഫുട്ബോൾ ക്ലബിന്റെ ദിദിയെ ദ്രോഗ്ബ, മുൻ ഇംഗ്ലണ്ട് ഫുട്ബോളർ ഗാരി ലിനേക്കർ, മലയാള സിനിമയിലെ മോഹൻലാൽ എന്നിവരടക്കം നിരവധി വിശിഷ്ട വ്യക്തികൾ ഈ ചടങ്ങിൽ പങ്കെടുത്തിരുന്നു.

പിയാഫിൽ മെഡൽ ലഭിച്ചത് അഭൂതപൂർവമായ ബഹുമതിയാണെന്നും ബ്രാൻഡ് മാനേജ്മെന്റിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തുന്ന അത്യധ്വാനത്തിനു ലഭിച്ച അംഗീകാരമാണെന്നും ടൂറിസം മന്ത്രി എ.പി അനിൽകുമാർ പറഞ്ഞു. കേരളമെന്ന ബ്രാൻഡ് ലോക ടൂറിസം സർക്യൂട്ടിൽ പ്രചരിപ്പിക്കാൻ ആഗോളാടിസ്ഥാനത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള മറ്റൊരു വലിയ അംഗീകാരമാണ് പ്രേഗിൽ ലഭിച്ചതെന്ന് കേരളാ ടൂറിസം ഡയരക്ടർ റാണി ജോർജ് വ്യക്തമാക്കി. ശരിയായ പാതയിലാണ് തങ്ങളുടെ യാത്രയെന്ന് ഇത് തെളിയിച്ചിരിക്കുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു.

ആഗോള അഡ്വർടൈസിംഗ് കലണ്ടറിലെ തനതായ പരിപാടിയാണ് പിയാഫ്. ജേതാക്കളെ നിർണയിക്കുന്നത് ഈ മേഖലയിലെ പ്രൊഫഷണലുകളും പരസ്യദാതാക്കളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വിപണനമേഖലയിലെ വിദഗ്ധരും യുവസർഗപ്രതിഭകളും ചേർന്നാണ്. കേരളാ ടൂറിസത്തിനൊപ്പം വേദി പങ്കിടാൻ സോണി പിക്ചേഴ്സും ഹൈനക്കനും ലെഗോയും ജർമനിയിൽനിന്ന് മക്ഡൊണാൾഡും ക്ഷണിക്കപ്പെട്ടിരുന്നു.